ഡോക്ടർ എ. ആർ. മേനോൻ: അന്വേഷിക്കാം.

മിസ്റ്റർ വി. കെ. കുട്ടി: കരുണാകരൻ എന്നയാൾ പല പഞ്ചായത്തിനും ഉപദ്രവങ്ങൾ ചെയ്തിട്ടുള്ള ഒരാളാണ്. അതു മൂലം ഗവമ്മെണ്ടു് ഈ ആളെ കൺട്രാക്റ്റുകൾ എടുക്കുന്നതിൽനിന്നും ഒഴിവാക്കീട്ടുള്ളതാണെന്നു തോന്നുന്നു. എതായാലും ഇയ്യാൾ ഏറ്റിട്ടുള്ള വക്കുകൾ പലപ്പോഴും പഞ്ചായത്തുകൾക്കുപദ്രവകരമായി എനിക്കനുഭവപ്പെട്ടിട്ടുണ്ടു്. ഈ സംഗതിയിൽ ഗവമ്മെണ്ടു് വേണ്ട അന്വേഷണം നടത്തണമെന്നുള്ള ഉദ്ദേശത്തെ ഗ്രഹിക്കാണിക്കുന്നതിനാണു് ഞാൻ ഈ അവസരത്തെ വിനിയോഗിക്കുന്നതു്.

ഡോക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റിയൊക്കെ അന്വേഷിക്കാം.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഈ കൺട്രാക്ടരെപ്പറ്റി ഇതിനു മുമ്പു വല്ല ആക്ഷേപവും ഉണ്ടായിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉണ്ടായിട്ടുണ്ടോ എന്നന്വേഷിക്കാം.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: വേനൽക്കാലമായാൽ മിക്ക സ്ഥലങ്ങളിലേയും കിണറുകളിൽ വെള്ളം ഉണ്ടാകുന്നില്ല എന്നുള്ള ആക്ഷേപം ഉണ്ടാകുന്നുണ്ടു്. അതിനെപ്പറ്റി ഒരന്വേഷണം നടത്താമോ?

ഡോക്ടർ എ. ആർ. മേനോൻ: ഇങ്ങിനെയുള്ള കിണറുകളെ സംബന്ധിച്ചു് എന്താണു വേണ്ടതു് എന്നു ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: കിണറിന്റെ ഉപയോഗം തക്കസമയത്തു് കിട്ടുന്നില്ലെന്ന ആക്ഷേപം പൊതുവെ എല്ലാ സ്ഥലങ്ങളിലുമുണ്ടു്. അതിനു എന്തെങ്കിലും വേണ്ടതു ഗവമ്മെണ്ടു് ചെയ്താൽ കൊള്ളാം.

ഡോക്ടർ എ. ആർ. മേനോൻ: മുമ്പെ കഴിച്ചിട്ടുള്ള കിണറുകൾക്കാണു് ഈ ഉപദ്രവം ഉള്ളതു്. മേലിൽ ഈ വക ബുദ്ധിമുട്ടുകൾ വരാതിരിക്കാനായി വെള്ളം ശരിക്കു കിട്ടുമൊ എന്നു നോക്കിയതിനു ശേഷമെ കിണർ കുഴിക്കുവാൻ പാടുള്ളു എന്നു ആർഡർ കൊടുത്തിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ പാറകൾ പൊട്ടിച്ചു വെള്ളം എടുക്കുവാൻ നോക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ പാറ പൊട്ടിച്ചാലും വെള്ളം കിട്ടുന്നില്ല. ഈ വക ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടതു ഗവമ്മെണ്ടു പ്രവൃത്തിച്ചുവരുന്നുണ്ടു്.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഈ കിണർ ചെക്കുമെഷർ ചെയ്ത ഓവർസിയർ അതു ശരിക്കു ചെയ്തിട്ടില്ലെന്ന ആക്ഷേപം ഗവമ്മെണ്ടിന്റെ ടെഷ്ടിയിൽ പെട്ടിട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വു്. വളരെ കംപ്ലെയിൻറ്സു് അതേഹത്തെപ്പറ്റി കിട്ടീട്ടുണ്ടു്. അതിനെപ്പറ്റി അന്വേഷിക്കാനായിട്ടു കൊടുത്തിട്ടുണ്ടു്. അതു അന്വേഷിച്ചിട്ടു വേണ്ടതു ചെയ്യാനെ തരമുള്ളു.

VILLAGE LIBRARIES—DISTRIBUTION OF ALLOTMENT

336. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെൻറു് ഭയവായി മറുപടി പറയുമോ.—

(എ) ഫൻനടി ഡിസമ്പർ ക്ഷാമം-യിലെ ജി. പി. ഡി. ഡിസ്സു്. നമ്പർ/ക്ഷാമം നമ്പർ ഓർഡർ പ്രകാരം ക്ഷക്ഷ-ൽ

LIBRARY ARCHIVES Kerala Legislative Assembly

പുതുതായി തുറക്കുവാൻ നിർദ്ദേശിച്ചു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള അഞ്ചു് വില്ലേജു ലൈബ്രറികൾക്കുള്ള ഗ്രാന്റു് കെ. ര ണ. ഏതേതു വില്ലേജു വായനശാലകൾക്കാണു് നീക്കിവെച്ചിട്ടുള്ളതു്";

(ബി) ഇതിൽ ഏതെങ്കിലും തുറന്നുവോ;

(സി) തുറന്നുവെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ;

(ഡി) ഓരോന്നിന്നും എത്ര സംഖ്യ വീതം കൊടുത്തിട്ടുണ്ടു്?

ഡാക്ടർ എ. ആർ. മേനോൻ: ഇനി മേൽ ഗവമ്മെൻറു് ചിലവി ന്മേൽതന്നെ വായനശാലകൾ തുറക്കുന്നതിനോ നടത്തിക്കൊണ്ടുപോകുന്നതിനോ നിശ്ചയിച്ചിട്ടില്ല. ഫ്രഫ്രഒ കന്നി ഫ്ര-ംൻ-യിലെ ൗസറിൽ പരസ്യം ചെയ്തിട്ടുള്ള ഗ്രാമീണ വായനശാലാ പ്രവർത്തന പരിപാടിയിലെ നിശ്ചയങ്ങൾ അനുസരിച്ചു് പൊതുജനങ്ങളാൽ നടത്തികൊണ്ടുപോകുന്ന വായനശാലകൾക്കു് ആ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന സഹായങ്ങൾ ചെയ്യുന്നതായിരിക്കും. ഇപ്രകാരം ഇക്കൊല്ലം സഹായങ്ങൾ നൽകേണ്ടതായ വായനശാലകളുടെ കാര്യം ഗവമ്മെൻറിൽ നിന്നും നിയമിച്ചിട്ടുള്ള വായനശാലാ കമ്മിറ്റിയുടെ ആലോചനയിലിരിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇൻ്റു ക. ര ണ. യിൽ നിന്നു് ഇക്കൊല്ലം ഏതെങ്കിലും വായനശാലകൾ തുറക്കുന്നതിന്നു വല്ല സംഖ്യയും ചിലവു ചെയ്തിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതെല്ലാം സ്ഥലങ്ങളിലാണു് ചിലവാക്കിട്ടുള്ളതു്?

ഡോക്ടർ എ. ആർ. മേനോൻ: വളരെ സ്ഥലങ്ങളിൽ കൊടുത്തിട്ടുണ്ടു്. അതിൻറെ ലിസ്റ്റു വേണമെങ്കിൽ തരാം. എടുത്ത ലൈബ്രറികൾക്കു ഗ്രാൻറു് കൊടുത്തുകഴിഞ്ഞു. പുസ്തകവും കൊടുത്തുകഴിഞ്ഞു. ഏതു ലൈബ്രറികൾക്കാണു് കിട്ടാത്തതു് എന്നു പറഞ്ഞാൽ അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: എല്ലാ വായനശാലകൾക്കും പുസ്തകം കൊടുത്തുകഴിഞ്ഞിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: കൊടുത്തുകഴിഞ്ഞു. കഴിഞ്ഞ ആഴ്ചയിലാണു് എല്ലാം കൊടുത്തുകഴിഞ്ഞതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ടിൽ നിന്നും ഗ്രാൻറു് ആവശ്യമില്ല, ഞങ്ങൾ നടത്തിക്കൊള്ളാമെന്നു പറഞ്ഞു ഗ്രാമോദ്ധാരണ സംഘപ്രതിനിധികൾ ആവശ്യപ്പെട്ടിട്ടു വല്ല വായനശാലയും വിട്ടുകൊടുത്തിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അങ്ങിനെ ആരും ആവശ്യപ്പെട്ടിട്ടില്ല. എല്ലാവരും ഓണറേറിയം പോരാ എന്നാണു പറയുന്നതു്.

മിസ്റ്റർ വി. എൻ. ദാമോദരൻനമ്പ്യാർ: ഗ്രാമീണവായനശാലാ പ്രവർത്തന പരിപാടിയിലെ നിയമങ്ങൾ അനുസരിച്ചു് വായനശാലകൾ നടത്തുന്നതിനു ബുദ്ധിമുട്ടാണെന്നു വല്ല ആക്ഷേപവും കിട്ടിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: കിട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വായനശാലകൾ ഗ്രാമോദ്ധാരണ സംഘങ്ങൾ നടത്തിക്കൊള്ളാമെന്നു പറഞ്ഞിട്ട് ഏതെങ്കിലും വായനശാലകൾ അവക്കു വിട്ടുകൊടുത്തിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ആരെങ്കിലും അങ്ങനെ ആവശ്യപ്പെട്ടാൽ അവക്കു വിട്ടുകൊടുക്കാം. അവക്കു അലവൻസും കൊടുക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഴവിൽ വായനശാല ചിറക്കൽ ഗ്രാമോദ്ധാരണസംഘം നടത്തി കൊള്ളാമെന്നു പറഞ്ഞിട്ടുള്ളതായി ഗവൺമെണ്ടിനറിയാമൊ?

ഡോക്ടർ എ. ആർ. മേനോൻ: അങ്ങനെ ആവശ്യപ്പെട്ടാൽ കൊടുക്കുന്നതിനു യാതൊരു വിരോധവുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുസ്തകം കൊടുത്തു എന്നു പറഞ്ഞുവല്ലൊ. അതിനു ഗവൺമെണ്ടു് ടെണ്ടർ വിളിച്ചുവോ?

ഡോക്ടർ എ. ആർ. മേനോൻ: പുസ്തകങ്ങൾ എല്ലാം കമ്മറ്റി വാങ്ങിച്ചു് ആ ഫാറത്തോടുകൂടി വായനശാലക്കു കൊടുത്തുവരുകയാണു ചെയ്യുന്നതു്. ലേലം വിളിച്ചിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവൺമെണ്ടു പുസ്തകം മേടിച്ചതു് ടെണ്ടർ വിളിച്ചതാണോ?

ഡോക്ടർ എ. ആർ. മേനോൻ: അല്ല. പുസ്തകം മുതലായവ കമ്മറ്റി വഴിക്കു ഒരാളെക്കൊണ്ടു് വാങ്ങിപ്പിച്ചു് വായനശാലക്കു കൊടുക്കുകയാണു് ചെയ്യുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വായനശാലക്കു ഇന്നയിന്ന പുസ്തകങ്ങളാണു വേണ്ടതു് എന്നു നിശ്ചയിച്ചു് ആ പുസ്തകങ്ങൾക്കു ടെണ്ടർ വിളിച്ചാൽ ഇതിനേക്കാൾ കൂടുതൽ മെച്ചമുണ്ടാകുമെന്നു് ഗവൺമെണ്ടിനറിയാമോ?

ഡോക്ടർ എ. ആർ. മേനോൻ: ഒരിക്കലുമുണ്ടാകയില്ല

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതൊന്നു പരീക്ഷിച്ചുനോക്കിയോ?

ഡോക്ടർ എ. ആർ. മേനോൻ: പരീക്ഷിച്ചു നോക്കാം. പക്ഷെ അതുകൊണ്ടു മെച്ചമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ. ഈ പുസ്തകങ്ങൾ എവിടെ നിന്നാണു് വാങ്ങിയിട്ടുള്ളതു്?

ഡോക്ടർ എ. ആർ. മേനോൻ: പല സ്ഥലങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ടു്. ഇന്നയിന്ന പുസ്തകങ്ങൾ ഇത്രയിത്ര വേണമെന്നു നിശ്ചയിച്ചു് ആ പുസ്തകങ്ങൾ നേരിട്ടു കമ്പനിയിൽനിന്നു കിട്ടാവുന്ന കിഴിവുകഴിച്ചു് വാങ്ങിച്ചിരിക്കയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കമ്മിറ്റി എങ്ങിനെയുള്ള കമ്മിറ്റിയാണു്?

ഡോക്ടർ എ. ആർ. മേനോൻ: നല്ല അറിവും, നല്ല പരിചയവും, നല്ല പ്രാപ്തിയും പൊസീഷനും ഉള്ള ആളുകൾ അടങ്ങിയ ഒരു കമ്മിറ്റിയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചായത്തിലേക്കു നോമിനേഷനു വേണ്ടപോലെയുള്ള പ്രാപ്തിയും പൊസീഷനും നോക്കിയാണൊ ഈ കമ്മിറ്റിയിലും മെമ്പർമാരെ എടുത്തിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: ഇതിനാവശ്യമുണ്ടായ പ്രാഥമിയും പൊ സീഷ്യനും ഉണ്ടെന്നു എനിക്കറിയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കമ്മിറ്റിയെ നിയമിച്ചതു് ആരാണു്?

ഡോക്ടർ എ. ആർ. മേനോൻ: ഗവണ്മെൻറാണു്.

Mr. A. V. Moothedan *(Chalakkudi):* May I know what is the amount required for starting libraries by the Government?

Dr. A. R. Menon *(Minister for Rural Development):* Rs. 100, for each one of the new libraries and Rs. 75 for the existing ones. That is Rs. 50 for books, Rs. 25 for furniture and Rs. 25 for allowances to new libraries. In the case of existing ones Rs. 50 for books and Rs. 25 for allowances are given. Though the Government were contributing Rs. 130 for libraries, the books purchased cost Rs. 50 and Rs. 80 went in the shape of allowances. The allowance was reduced.

Mr. A. V. Moothedan *(Chalakkudi):* May I know how many village libraries have applied for grants under the new rules?

Dr. A. R. Menon *(Minister for Rural Development):* There were about 100 applications. We have begun about 75.

Mr. A. V. Moothedan *(Chalakkudi):* 75 libraries have applied for grant, have not?

Dr. A. R. Menon *(Minister for Rural Development):* Yes. We have started about 75 libraries of this kind.

Mr. A. V. Moothedan *(Chalakkudi):* How many libraries have applied for grant under the new rules?

Dr. A. R. Menon *(Minister for Rural Development):* I want notice.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ: ഇനിമേലാൽ പുതിയ ലൈബ്രറികളും സ്ഥാപിക്കാതെ, ഇപ്പോൾ തരിയ്ക്കുനടത്തിവരുന്നതായ ലൈബ്രറികൾക്കു ഗ്രാൻറു് കൊടുക്കുവാൻ മാത്രമുണ്ടാകുമോ?

Dr. A. R. Menon *(Minister for Rural Development):* I want to make the point clear. First of all these are not supplementary questions. I am only giving this for the information of the House. ഗ്രാൻറു കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോഴും ഗ്രാൻറു കൊടുക്കുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വു്.

മിസ്റ്റർ കെ എസ്സ്. പണിക്കർ: ലൈബ്രറികൾക്കു് ഇപ്പോഴും ഗ്രാൻറു കൊടുക്കുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വു്. പണമായിട്ടു കൊടുക്കയില്ല; പുസ്തകമായിട്ടു കൊടുക്കയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുസ്തകങ്ങൾ കൊടുക്കയൊ അല്ലെങ്കിൽ ഇന്നയിന്ന പുസ്തകങ്ങളാണ് വേണ്ടതു എന്നു നിശ്ചയിച്ചു് ആ പുസ്തകങ്ങൾ ലൈബ്രറിയിൽനിന്നുതന്നെ വാങ്ങിച്ചു് ബിൽ ഗവൺമെണ്ടിലേക്കു അയക്കയൊ ഏതാണു നല്ലതു്?

ഡോക്ടർ എ. ആർ. മേനോൻ: രണ്ടും ഒരുപോലെയാണ്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: ഇപ്പോഴുള്ള പുസ്തകങ്ങൾ കൊടുത്തിട്ടുള്ളതു് ആരാണു്?

ഡോക്ടർ എ. ആർ. മേനോൻ: കമ്മിറ്റിയിൽനിന്നാണു് കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കമ്മിറ്റിയിലെ മെമ്പർമാർ ആരെല്ലാമാണു്?

ഡോക്ടർ എ. ആർ. മേനോൻ: മിസ്റ്റർ ടി. കെ. കൃഷ്ണമേനോൻ, പ്രൊഫസർ ശങ്കരൻനമ്പ്യാർ, മിസ്റ്റർ പി. സി. വക്കി,

മിസ്റ്റർ എ. കെ. വേലുക്കി: ലേഡി മെമ്പർ മുതലായവരാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനു മുമ്പു് ഗവൺമെണ്ടു അപ്പ്രൂവു് ചെയ്തിട്ടുള്ള പുസ്തകങ്ങളിൽ അവരവക്കാവശ്യമുള്ളതു് അതാതു ലൈബ്രറിക്കാർ തന്നെ വാങ്ങി ബിൽ ഗവൺമെണ്ടിലേക്കയക്കുകയാണു പതിവു്. അങ്ങിനെയാക്കുന്നതിൽ വല്ല വിരോധവുമുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: അതും ഇതും തമ്മിൽ ഒരു വ്യത്യാസവുമില്ല.

മിസ്റ്റർ വി. കെ. കുട്ടി: ലൈബ്രറിയിൽ ക്ലാസുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: എത്ര കാലമായി ഈ പുസ്തകങ്ങൾ കൊടുത്തിട്ടു്?

ഡോക്ടർ എ. ആർ. മേനോൻ: ഇത്തവണ സ്വല്പം സമയമെടുത്തു. ഇനി സമയം എടുക്കുകയില്ല.

Mr. A. V. Moothedan *(Chalakkudi):* Are these libraries supplied with newspapers?

Dr. A. R. Menon *(Minister for Rural Development):* No. We give only books. They must purchase newspapers out of subscriptions, they raise.

KUTHAMPILLI—ACQUISITION OF LAND FOR A LATRINE—OBJECTION TO

337. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു് ദയവായി മറുപടി പറയുമോ.—

(എ) കുത്താമ്പിള്ളിയിൽ ഒരു ലാറ്ററിൻ പണിയിക്കുന്നതിനുവേണ്ടി ലാൻറു് അക്വിസിഷൻ റഗുലേഷനിലെ അടിയന്തിര വകുപ്പനുസരിച്ചു് അക്വയർ ചെയ്ത സ്ഥലത്തു് ലാറ്ററിൻ പണിയിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly